**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1771** **13-02-2025 - ൽ മറുപടിയ്ക്ക്**

**റോഡ് സുരക്ഷാ ഓഡിറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | പുനലൂർ മുതൽ ആര്യങ്കാവ് കോട്ടവാസൽ വരെയുള്ള ഭാഗത്ത് തുടർച്ചയായി അപകടങ്ങൾ ഉണ്ടാകുന്ന സാഹചര്യത്തിൽ മോട്ടോർ വാഹനവകുപ്പ്, പൊതുമരാമത്ത് റോഡ് വിഭാഗം, അഗ്നിരക്ഷാ സേന, പഞ്ചായത്ത് സെക്രട്ടറിമാർ ഉൾപ്പെടെയുള്ള സംയുക്ത സംഘം നടത്തിയ റോഡ് സുരക്ഷ ഓഡിറ്റിന്റെ റിപ്പോർട്ട് ലഭ്യമാക്കാമോ; | (എ) | സംയുക്ത സംഘം നടത്തിയ റോഡ് സുരക്ഷാ ഓഡിറ്റിന്റെ റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു |
| (ബി) | ദേശീയപാത അതോറിറ്റിയുമായി ആലോചിച്ച് പ്രസ്തുത റിപ്പോർട്ടിന്മേൽ അടിയന്തര നടപടികൾ കൈക്കൊള്ളുമോ; എന്തൊക്കെ സുരക്ഷാക്രമീകരണങ്ങളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) | റോഡ് സുരക്ഷാ ഓഡിറ്റിന്റെ റിപ്പോർട്ട് തുടർ നടപടികൾ സ്വീകരിക്കുന്നതിനായികൊല്ലംഅഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റിന് അയച്ചുകൊടുത്തിട്ടുണ്ട്. |
| (സി) | ദേശീയപാതയിൽ പുനലൂർ മുതൽ ആര്യങ്കാവ് കോട്ടവാസൽ വരെയുള്ള ഭാഗത്ത് ദീർഘദൂരം യാത്ര ചെയ്തുവരുന്ന ചരക്കുവാഹനങ്ങളിലെ ഡ്രൈവർമാർ ഉറങ്ങിപ്പോകുന്നത് തുടർച്ചയായി അപകടങ്ങൾക്ക് കാരണമാകുന്നു എന്നത് റോഡ് സുരക്ഷ ഓഡിറ്റിൽ കണ്ടെത്തിയിരുന്നതിനാൽ ആയത് ഒഴിവാക്കുന്നതിനായി ആര്യങ്കാവ് ചെക്ക പോസ്റ്റിനോട് ചേർന്ന് മോട്ടോർ വാഹന വകുപ്പിന്റെ സ്ഥലത്ത് വാഹനങ്ങൾ പാർക്ക് ചെയ്യാനും ഡ്രൈവർമാർക്ക് വിശ്രമിക്കാനും സൗകര്യമൊരുക്കുകയും ശൗചാലയങ്ങൾ ഉൾപ്പെടെ നിർമിച്ചുനൽകുന്നതിനും നടപടിയെടുക്കുമോ; വിശദമാക്കാമോ? | (സി) | ആര്യങ്കാവ് ചെക്ക പോസ്റ്റിനോട് ചേർന്ന് മോട്ടോർ വാഹനവകുപ്പിന്റെ സ്ഥലത്ത് വാഹനങ്ങൾ പാർക്ക് ചെയ്യാനും ഡ്രൈവർമാർക്ക് വിശ്രമിക്കാനും സൗകര്യമൊരുക്കുകയും ശൗചാലയങ്ങൾ ഉൾപ്പെടെ നിർമിച്ചുനൽകുന്ന വിഷയം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

# മോട്ടോർ വാഹന വകുപ്പ്

# പുനലൂർ – ആര്യങ്കാവ് ദേശീയപാത സുരക്ഷാ ഓഡിറ്റ് റിപ്പോർട്ട്

## ആർ ടി ഓ എൻഫോഴ്സ്മെന്റ് ,കൊല്ലം

**വിഷയം :–** പുനലൂർ ആര്യങ്കാവ് ദേശീയപാതയിൽ നിരന്തരമായിട്ടുണ്ടാകുന്ന അപകടങ്ങളെ തുടർന്ന് കൊല്ലം എൻഫോഴ്സ്മെന്റ് ആർ റ്റി ഓ യുടെ നേതൃത്വത്തിൽ POLICE, PWD, NHAI,FIRE FORCE, FOREST, EXCISE,LSGD വകുപ്പുകളുമായി ചേർന്ന് പുനലൂർ മുതൽ ആര്യങ്കാവ് റെയിൽവേ സ്റ്റേഷൻ ജംഗ്ഷൻ വരെയും, തെന്മല ജംഗ്ഷൻ മുതൽ തെന്മല ഡാം വഴി പത്തേക്കർ വരെ ഉള്ള റോഡ് പരിശോധിക്കുകയും അതിനോടനുബന്ധിച്ച പ്രസ്തുത റോഡിൽ വരുത്തേണ്ടതുമായിട്ടുള്ള സുരക്ഷാക്രമീകരണങ്ങളെ പറ്റി തയാറാക്കിയ റിപ്പോർട്ട്

**സൂചന :–** ശബരിമല തീർത്ഥാടകര് സഞ്ചരിച്ച് വാഹനം അപകടത്തിൽപ്പെട്ടതിനെ തുടർന്ന് അടിയന്തിരമായ പുനലൂരിൽ എ ഡി എം ന്റെ നേതൃത്വത്തിൽ നടത്തിയ മീറ്റിംഗിൽ നൽകിയ നിർദ്ദേശാനുസരണം

ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിലേക്കുള്ള ഭക്ഷ്യ സാധനങ്ങളുടെയും മറ്റു നിർമ്മാണ സാധനങ്ങളും കൊണ്ടുവരുന്നതിന് ആശ്രയിക്കുന്ന പ്രധാന ഹൈവേയായ കൊല്ലം തിരുമംഗലം ദേശീയപാതയിൽ നിലവിലെ റോഡിന് ഉൾക്കൊള്ളാവുന്നതിനേക്കാൾ ഉപരിയായി വാഹനങ്ങൾ ദിവസവും കടന്നുപോവുകയും, അതോടൊപ്പം നിലവിലെ എൻഎച്ച് 66 ന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് വേണ്ടുന്ന സാധന സാമഗ്രികൾ കൊണ്ടുപോകുന്നതിനായി വാഹനങ്ങൾ പ്രസ്തുത റോഡ് ഉപയോഗിക്കുന്നത് കൊണ്ടും, അതേപോലെ ശബരിമല തീർത്ഥാടനത്തിന് ആയി വരുന്ന വാഹനങ്ങൾ ആശ്രയിക്കുന്ന പ്രധാനപ്പെട്ട ഹൈവേ ആയതിനാലും, അതോടൊപ്പം വിഴിഞ്ഞം പോർട്ടിൽ നിന്നും തമിഴ്നാട്ടിലേക്കും മറ്റു സംസ്ഥാനങ്ങളിലേക്കും ചരക്ക് നീക്കുന്നതിന് വേണ്ടി ആശ്രയിക്കാൻ പോകുന്ന പ്രധാന റോഡായി കൊല്ലം തിരുമംഗലം ഹൈവേ മാറുകയും ചെയ്യുന്നതിനാലും, അതേപോലെതന്നെ തെന്മല എക്കോ ടൂറിസവുമായി ബന്ധപ്പെട്ട് കേരളത്തിൽ നിന്നും മറ്റു സംസ്ഥാനങ്ങളിൽ നിന്നും എത്തിച്ചേരാനായി ആശ്രയിക്കുന്ന പ്രധാന ഹൈവേയായ കൊല്ലം തിരുമംഗലം ദേശീയപാതയിൽ മിക്ക ഇടങ്ങളിലും റോഡിന്റെ ക്യാരേജ് വേയ് 6 മീറ്ററും അതിൽ താഴെയും ഉള്ളതായി ബോധ്യപ്പെടുകയുണ്ടായി. ആയതിനാൽ നിലവിലെ ഹൈവേ മേൽപ്പറഞ്ഞ വാഹന പെരുപ്പം കണക്കിലെടുത്ത് അവ ഉൾക്കൊള്ളുന്ന വിധം വീതി കൂട്ടി പുനർ നിർമ്മിക്കേണ്ട സമയം അതിക്രമിച്ചതായും ബോധ്യപ്പെട്ടു .

എന്നിരുന്നാലും നിലവിലെ പരിമിതമായ സാഹചര്യങ്ങളിൽ താഴെപ്പറയുന്ന പോരായ്മകൾ പരിഹരിച്ചു കഴിഞ്ഞാൽ ഒരു പരിധിവരെ നിലവിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ക്രമാതീതമായ അപകടങ്ങളുടെ എണ്ണം കുറയ്ക്കാൻ സാധിക്കുന്നതാണ്.

കൊല്ലം തിരുമംഗലം ദേശീയപാതയിലൂടെ കടന്നു വരുന്ന ഗുഡ്സ് വാഹനങ്ങൾ ദീർഘദൂര യാത്ര ചെയ്തു വരുന്നതിനാൽ, നിലവിലെ റോഡിൽ വാഹനം പാർക്ക് ചെയ്യുന്നതിനുള്ള സൗകര്യം ഇല്ലാത്തതിനാൽ വാഹനങ്ങളുടെ ഡ്രൈവർമാർക്ക് ക്ഷീണം മൂലം ഉറക്കം സംഭവിക്കുന്നതിനാൽ പ്രസ്തുത റോഡിൽ നിരവധിയായ അപകടങ്ങൾ ഉണ്ടാവുകയും മരണം സംഭവിക്കുകയും ചെയ്തിട്ടുള്ളതാണ്. അതിനാൽ ദീർഘദൂര യാത്ര ചെയ്തുവരുന്ന ഡ്രൈവർമാർക്ക് വിശ്രമിക്കുന്നതിനായി വാഹനം പാർക്ക് ചെയ്യുന്നതിനുള്ള സ്ഥലം ആര്യങ്കാവിൽ കണ്ടെത്തി നൽകേണ്ടതും, അതോടൊപ്പം വിശ്രമ മുറികളും ശുചിമുറികളും നിർമ്മിച്ച് നൽകേണ്ടതാണ്.

പ്രസ്തുത ദേശീയപാതയുടെ റോഡിന്റെ ക്യാരിയേജ് വേ കഴിഞ്ഞുള്ള ഷോൾഡർ ഭാഗം കാടുകയറിയ അവസ്ഥയിലോ, കാലപഴക്കം വന്ന മരങ്ങൾ ക്യാരിയേജ് വേയോടു ചേർന്നുനിൽക്കുന്ന അവസ്ഥയിലോ, അതോടൊപ്പം മൺതിട്ടകളോ, മണ്ണൊലിച്ച് പോയി വലിയ ഗർത്തങ്ങൾ രൂപപ്പെട്ട അവസ്ഥയിലോ ആയതിനാൽ കാൽനടയാത്രക്കാർ റോഡിന്റെ ക്യാരിയേജ് വേ നടക്കാനായി ഉപയോഗിക്കുന്നതിനാൽ അവരെ വാഹനങ്ങൾ ഇടിക്കുന്നതുമൂലം അപകടങ്ങൾ സംഭവിക്കുകയും സ്കൂൾ കുട്ടികൾ അടക്കം മരണപ്പെടുന്നതിന് കാരണമാവുകയും ചെയ്തിട്ടുള്ളതാണ്.

അതോടൊപ്പം റോഡിന്റെ ക്യാരേജ് വേയുടെ വീതി 6 മീറ്ററും അതിൽ താഴെയും ആയതിനാലും അത്യാവശ്യഘട്ടങ്ങളിൽ അപകടം ഒഴിവാക്കുന്നതിനായി റോഡിന്റെ ക്യാരേജ് വേയുടെ പുറത്തേക്ക് വാഹനം ഒതുക്കേണ്ടി വരുമ്പോൾ മിക്ക സ്ഥലങ്ങളിലും മണ്ണ് കൊണ്ട്

നിർമ്മിച്ചിരിക്കുന്ന ഷോൾഡർ ഭാഗം മഴ മൂലം ഒലിച്ചുപോയി ഗർത്തങ്ങൾ രൂപപ്പെട്ടിട്ടുള്ളതിനാൽ കുഴികളിൽ വീണ് വാഹനങ്ങളുടെ നിയന്ത്രണം നഷ്ടപ്പെടുകയും ആയത് വലിയ അപകടങ്ങൾക്ക് കാരണമാവുകയും ചെയ്യുന്നു. ആയതിനാൽ റോഡ് കയ്യേറിയുള്ള നിർമ്മാണ പ്രവർത്തനങ്ങളും, റോഡിലേക്ക് വളർന്നുനിൽക്കുന്ന മരങ്ങൾ ഉൾപ്പെടെയുള്ള മറ്റു വസ്തുക്കൾ നീക്കം ചെയ്യുകയും, റോഡിന്റെ ഷോൾഡർ കോൺക്രീറ്റ് ചെയ്ത് പരിപാലിക്കേണ്ടതുമാണ്.

പുനലൂർ തിരുമംഗലം ദേശീയപാതയിൽ നിലവിൽ മിക്ക സ്ഥലങ്ങളിലും റോഡ് മാർക്കിംഗ്സിന്റെ അഭാവം ശ്രദ്ധയിൽ പെടുകയും അതോടൊപ്പം സ്ഥാപിച്ചിട്ടുള്ള നിരവധിയായ ട്രാഫിക് സൈൻ ബോർഡുകൾക്ക് കേടുപാടുകൾ സംഭവിക്കുകയും പലതിലും കാടുകയറിയും കാഴ്ചയ്ക്ക് തടസ്സം വരുന്ന അവസ്ഥയിലും ഉള്ളതായും ബോധ്യപ്പെടുകയുണ്ടായി. ഇതോടൊപ്പം നിരവധിയായി സ്കൂളുകൾ റോഡിന്റെ പല ഭാഗങ്ങളിലുമായി സ്ഥിതി ചെയ്യുന്നതിനാൽ പ്രസ്തുത സ്ഥലങ്ങളിൽ റോഡ് മുറിച്ച് കിടക്കുന്നതിനായി സീബ്രാ ക്രോസിംഗും സ്കൂൾ സോൺ സൂചിപ്പിക്കുന്നതിന് ആയിട്ടുള്ള സൈൻ ബോർഡുകളോ സ്ഥാപിച്ചിട്ടില്ലാത്തതായും ബോധ്യപ്പെട്ടു.

പ്രസ്തുത റോഡിന്റെ ഇരുവശത്തുമായി മിക്ക സ്ഥലങ്ങളിലും അഗാധമായ ഗർത്തങ്ങൾ ഉള്ളതിനാലും ശരിയായ രീതിയിൽ ബലമുള്ള ക്രാഷ് ബാര്യറുകൾ സ്ഥാപിക്കേണ്ടതായിട്ടും ഉള്ളതാണ്. എന്നിരുന്നാലും പല സ്ഥലങ്ങളിലും ആയതിന്റെ അഭാവം ശ്രദ്ധയിൽ പെടുകയും, ശരിയായ രീതിയിൽ അല്ലാതെ സ്ഥാപിച്ചിട്ടുള്ളതായും ശ്രദ്ധയിൽപ്പെട്ടു. ആയതിനാൽ റിഫ്ലക്ടറോടു കൂടിയ ഡബിൾ മെറ്റൽ ക്രാഷ് ബാരിയർ (W–BEAM) സ്ഥാപിക്കേണ്ടതാണ്.

പുനലൂർ തിരുമംഗലം ഹൈവേയുടെ തെന്മല മുതൽ കോട്ടവാസൽ വരെ ഉള്ള ഭാഗം ഫോറെസ്റ്റ് പ്രദേശത്തിലൂടെ കടന്ന് പോകുന്നതും അവിടെയെല്ലാം സ്ട്രീറ്റ് ലൈറ്റിന്റെ അഭാവം ശ്രദ്ധയിൽ പെടുകയും, അതോടൊപ്പം മറ്റു പ്രദേശങ്ങളിൽ നിലവിൽ സ്ഥാപിച്ചിട്ടുള്ള സ്ട്രീറ്റ് ലൈറ്റുകൾ പ്രവർത്തനരഹിതമായിട്ടുള്ളതായും ബോധ്യപ്പെട്ടു. പ്രസ്തുത ഹൈവേയുടെ മിക്കപ്രദേശങ്ങളും വളവുകൾ ഉള്ളതിനാൽ വെളിച്ചക്കുറവ് ഒരു പ്രധാന പ്രശ്നമാണ്, ഡ്രൈവറുടെ കാഴ്ച പരിമിതി അപകടങ്ങൾക്ക് കാരണമാവുകയും ചെയ്യുന്നു. ആയതിനാൽ നിലവിൽ സ്ട്രീറ്റ് ലൈറ്റുകൾ ഇല്ലാത്ത സ്ഥലങ്ങളിൽ അവ സ്ഥാപിക്കുന്നതിനും അതോടൊപ്പം കേടുപാടുകൾ വന്ന സ്ട്രീറ്റ് ലൈറ്റുകൾ ശരിയാക്കി സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

## പ്രസ്തുത റോഡ് പരിശോധിച്ചതിൽ നിന്നും മോട്ടോർ വാഹന വകുപ്പ് നിർദ്ദേശിക്കുന്ന മാറ്റങ്ങൾ

പുനലൂർ തിരുമംഗലം ദേശീയപാതയിൽ പുനലൂർ നിന്നും പത്തനാപുരം ഭാഗത്തേയ്ക്ക് തിരിയുന്ന ടിബി ജംഗ്ഷനിൽ അശാസ്ത്രീയമായി നിർമിച്ചിരിക്കുന്ന റോഡ് ഡിവൈഡർ, ഇതുമൂലം പലപ്പോഴും വലിയ വാഹനങ്ങൾക്ക് സുഗമമായി തിരിയുന്നതിനു തടസ്സമുണ്ടാകുന്നു. കൂടാതെ വാഹനങ്ങൾ ഇതിനു മുകളിലൂടെ പാഞ്ഞു കയറി വാഹനങ്ങളുടെ ടയർ പൊട്ടുന്നതിനും കൂടാതെ അപകടങ്ങൾക്കും കാരണമാകുന്നു. ആയതിനാൽ പുനലൂർ പത്തനാപുരം ഭാഗത്തേയ്ക്ക് തിരിയുന്ന സ്ഥലത്തെ ഡിവൈഡർ ഒഴിവാക്കി പകരം റോഡ് മാർക്ക് ചെയ്യുകയും ഹൈമാസ്റ്റ് ലൈറ്റിനു സമീപത്തെ ഡിവൈഡറിന്റെ വലിപ്പം കുറച്ചു വൃത്താകൃതിയിൽ ആക്കുകയും ചെയ്യുക.




1. പുനലൂർ ടിബി ജംഗ്ഷനിൽ നിന്നും വാളക്കോട് ഭാഗത്തേക്ക് പോകുമ്പോൾ റോഡ് കയ്യേറി നിർമ്മിച്ചിരിക്കുന്ന കടകളിൽ നിന്നും സാധനങ്ങൾ വാങ്ങുന്നതിനായി വാഹനങ്ങൾ റോഡിന്റെ ക്യാരിയേജ് വെയിൽ നിർത്തുകയും ആയതു മൂലം ഗതാഗത സ്തംഭനം ഉണ്ടാവുന്നതിനാൽ പ്രസ്തുത കടകൾ അവിടെ നിന്നും നീക്കം ചെയ്യേണ്ടതാണ്.




2. പുനലൂർ നിന്നും തെന്മല ഭാഗത്തേക്ക് പോകുമ്പോൾ, TB ജംഗ്ഷനിൽ നിന്നും 100 മീറ്റർ മുന്നോട്ടുപോകുമ്പോൾ ഒരു ടെലഫോൺ പോസ്റ്റ് അപകടകരമായ രീതിയിൽ ചരിഞ്ഞു നിൽക്കുന്നത് മാറ്റി സ്ഥാപിക്കേണ്ടതാണ്. ഇതിനോട് ചേർന്ന് സ്ഥിതി ചെയ്യുന്ന ഓടയുടെ മൂടി സ്ഥാപിക്കേണ്ടതുമാണ്.




3. പുനലൂർ നിന്നും തെന്മല ഭാഗത്തേക്ക് പോകുമ്പോൾ സെന്റ് ജോർജ് ഓർത്തഡോക്സ് സിറിയൻ ചർച്ച് വാളക്കോട്, പുനലൂർ ന്റെ എതിർവശത്തായി റോഡിന് സമീപം കുഴി രൂപപ്പെട്ടിട്ടുള്ളത് ശരിയാക്കേണ്ടതും, ബാരിക്കേഡ് വാളക്കോട് റെയിൽവേ പാലം വരെ റോഡിൻറെ ഇടതുവശത്തു നിർമ്മിക്കേണ്ടതാണ്. കുരിശടിക്ക് സമീപമുള്ള ഇലക്ട്രിക് പോസ്റ്റ് ക്യാരേജ് വേയോട് ചേർന്ന് നിൽക്കുന്നത് മാറ്റി സ്ഥാപിക്കേണ്ടതുമാണ്.





4. നാഷണൽ ഹൈവേയുടെ ഭാഗമായ വാളക്കോട് റെയിൽവേ പാലത്തിന്റെ വീതി കുറവായിട്ടുള്ളതും ഒരു സമയം ഒരു വശത്തേയ്ക്ക് മാത്രം ഗതാഗതയോഗ്യമായിട്ടുള്ളതും ആകയാൽ പ്രസ്തുത ഭാഗത്തു തിരക്കുള്ള സമയങ്ങളിൽ നിരന്തരമായി ട്രാഫിക് ബ്ലോക്ക് ഉണ്ടാകുന്നതിനുംകാരണമാകയാൽ ഒരേസമയം ഇരുവശത്തേയ്ക്കുമുള്ള ഗതാഗതയോഗ്യമായിട്ടുള്ള പാലം നിർമ്മിക്കേണ്ടത് അത്യാവശ്യമായി വന്നിട്ടുള്ളതാണ്. വാളക്കോട് പാലത്തിന്റെ കൈവരി ഭാഗീകമായി തകർന്ന നിലയിലും, കാട് മൂടി കൈവരി കാണാൻ പറ്റാത്ത വിധത്തിലുമാണ്. ഇതോടൊപ്പം പ്രസ്തുത ഭാഗത്ത് ഒബ്ജക്റ്റ് ഹസാർഡ് മാർക്കിങ്ങും (OHM), അതോടൊപ്പം ഇടുങ്ങിയ പാലത്തിന്റെ സൈൻ ബോർഡ് പാലത്തിന്റെ മുന്നേ ആയി ഇരുവശത്തും സ്ഥാപിക്കേണ്ടതുമാണ്.



5. കലയനാട് ജംഗ്ഷനിൽ നിന്നും തെന്മല ഭാഗത്തേക്ക് പോകുമ്പോൾ ഉള്ള കലങ്ങിന്റെ കൈവരിയിലും, റെയിൽവേ ഓവർ ബ്രിഡ്ജിന്റെ ഇരുവശത്തുമായും ഒബ്ജക്ട് ഹസാർഡ് മാർക്കിംഗ് സ്ഥാപിക്കേണ്ടതാണ് (OHM)





6. കലയനാട് ജംഗ്ഷനും പ്ലാച്ചേരിക്കുമിടയിൽ കഴിഞ്ഞ രണ്ടു വർഷങ്ങളിലായി രണ്ടു അപകടങ്ങളിൽ മൂന്നു മരണം സംഭവിച്ചിട്ടുള്ളതും, ഈ പ്രദേശം മുതൽ പ്ലാച്ചേരി വരെ റോഡിൻറെ ഇടതുവശത്ത് സംരക്ഷണ വേലി തകർന്ന നിലയിലും, കാട് മൂടിയ നിലയിലുമാണ്. പ്രസ്തുത ഭാഗത്തു വേഗത നിയന്ത്രണ സംവിധാനം ഏർപ്പെടുത്തുകയും, പ്രസ്തുത ഭാഗത്ത് റെഡ് ബ്ലിങ്കർ ലൈറ്റും, ക്രാഷ് ബാരിയറും സ്ഥാപിക്കുകയും, ഇതിന്റെ നേർ എതിർവശത്ത് സ്ഥിതി ചെയ്യുന്ന ഓടയുടെ മൂടി സ്ഥാപിക്കേണ്ടതുമാണ്. അതോടൊപ്പം റോഡിന്റെ ഇരുവശത്തുമുള്ള കാട്ടുമുടിയ ഭാഗം വൃത്തിയാക്കേണ്ടതാണ്.







7. പ്ലാച്ചേരി താമര പള്ളിയിൽ റോഡിന്റെ വശത്തായി സ്ഥാപിച്ചിട്ടുള്ള കെഎസ്ഇബി ട്രാൻസ്ഫോർമറിൽ ഫെൻസിംഗ് സ്ഥാപിക്കേണ്ടതാണ്. പ്രസ്തുത സ്ഥലത്തിന്റെ എതിർവശത്തായി റോഡ് ഷോൾഡർ മണ്ണ് ഒലിച്ചു പോയി കുഴി രൂപപ്പെട്ടതിനാൽ കോൺക്രീറ്റ് ചെയ്ത് ഷോൾഡർ പുനർ നിർമ്മിക്കേണ്ടതാണ്. പ്രസ്തുത സ്ഥലത്ത് റോഡിന്റെ വശത്തായി റോഡ് കയ്യേറി സ്ഥാപിച്ചിട്ടുള്ള കടകൾ നീക്കം ചെയ്യേണ്ടതാണ്.


KSEBL
100KVA
P/NH 75


SS




8. പ്ലാച്ചേരി താമര പള്ളിയിൽ നിന്നും തെന്മലയ്ക്ക് പോകുമ്പോൾ സ്ഥാപിച്ചിട്ടുള്ള ട്രാഫിക് സൈൻ ബോർഡുകൾ കാട് മൂടി കിടക്കുന്ന അവസ്ഥയിലാണ് ആയത് പൂർവസ്ഥിതിയിലാക്കേണ്ടതാണ്.



9. പ്ലാച്ചേരി സെയിന്റ് തോമസ് ഇവാഞ്ചലിക്കൽ ചർച്ചിൽ നിന്നും തെന്മലയ്ക്ക് പോകുമ്പോൾ ഏകദേശം 50 മീറ്റർ കഴിഞ്ഞ് റോഡിന്റെ ഇരുവശത്തും ഗർത്തം രൂപപ്പെട്ടതിനാൽ ഷോൾഡർ കോൺക്രീറ്റ് ചെയ്യേണ്ടതാണ്. പ്രസ്തുത ഭാഗത്ത് സ്ട്രീറ്റ് ലൈറ്റുകൾ ഇല്ലാത്തതിനാൽ റോഡ് ഉപഭോക്താക്കൾക്ക് കാഴ്ച പരിമിതി ഉണ്ടാവുകയും ഇത് അപകടങ്ങൾക്ക് വഴിവെക്കുകയും ചെയ്യുന്നു ആയതിനാൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുവാനുള്ള നടപടികൾ ചെയ്യേണ്ടതാണ്. ഇതോടൊപ്പം റോഡിന്റെ ഇരുവശത്തുമുള്ള കാട് മൂടിയ ഭാഗം വൃത്തിയാക്കേണ്ടതാണ്.





10. പ്ലാച്ചേരി സെയിന്റ് തോമസ് ഇവാഞ്ചലിക്കൽ ചർച്ച് കഴിഞ്ഞ് തെന്മല ഭാഗത്തേക്ക് പോകുമ്പോൾ ഉള്ള വളവിൽ റെഡ് ബ്ലിങ്കിങ് ലൈറ്റ് സ്ഥാപിക്കേണ്ടതാണ്. ഇതോടൊപ്പം വളവു കഴിഞ്ഞ് റോഡിന്റെ ക്യാരേജ് വേയോട് ചേർന്ന് നിൽക്കുന്ന മൺതിട്ടയും, മരങ്ങളും നീക്കം ചെയ്യേണ്ടതാണ്.






11. പുനലൂർ തിരുമംഗലം ദേശീയപാതയിൽ പുനലൂർ മുനിസിപ്പാലിറ്റിയുടെ അതിർത്തി ഭാഗമായ സ്ഥലത്ത് ക്യാരിയേജ് വേ കയ്യേറിയ ഭാഗം പുനസ്ഥാപിക്കേണ്ടതാണ്.



12. പുനലൂർ തിരുമംഗലം ദേശീയപാതയിൽ ക്ഷേത്ര ഗിരി ജംഗ്ഷനിൽ സ്ഥാപിച്ചിട്ടുള്ള ട്രാഫിക് സൈൻ ബോർഡുകൾ ഇളകി പോയിട്ടുള്ളതിനാൽ ആയത് പുനസ്ഥാപിക്കേണ്ടതാണ്. ഇതോടൊപ്പം റോഡിന്റെ ഇരുവശവും ഉള്ള ബാരിക്കേടുകൾ സ്ഥാപിക്കേണ്ടതാണ്.







13. പുനലൂർ തിരുമംഗലം ദേശീയപാതയിൽ വെള്ളിമല ജംഗ്ഷനിൽ തകർന്നുപോയ ബാരിക്കേഡുകൾ പിടിപ്പിക്കേണ്ടതാണ്. ഇതോടൊപ്പം റോഡുവശത്തുള്ള വലിയ വൃക്ഷം മുറിച്ചതിന്റെ അവശിഷ്ടങ്ങൾ റോഡിലേക്ക് ഇട്ടിരിക്കുന്നത് മാറ്റുക.







14. ഇടമൺ സത്രം ജംഗ്ഷനിൽ ഇടമൺ സ്കൂളിന് മുമ്പായുള്ള സീബ്ര ക്രോസിംഗ് സ്ഥാപിക്കുകയും, ട്രാഫിക് സൈൻ ബോർഡുകൾ സ്ഥാപിക്കുകയും ചെയ്യുക.



15. ഇടമൺ പോസ്റ്റ് ഓഫീസിന് എതിർവശം സ്ഥിതി ചെയ്യുന്ന തടി മില്ലിലെ തടിക്കഷണങ്ങൾ റോഡിന് വശത്തായി ഇട്ടേക്കുന്നത് നീക്കം ചെയ്യുക.





16. ഇടമൺ ഷണ്മുഖ ക്ഷേത്രത്തിന് മുൻവശത്തായുള്ള വളവിൽ ദിശാസൂചിക ബോർഡുകൾ കാട്ടുമൂടി അവസ്ഥയിലാണ് അതോടൊപ്പം റോഡിന്റെ വശത്തായിട്ടുള്ള ബാരിക്കേഡ് തകർന്നതിനാൽ ആയത് പുനസ്ഥാപിക്കേണ്ടതാണ്.





17. കുന്നംപുറം ജംഗ്ഷനിൽ റോഡിന്റെ ഇരുവശത്തുമായി കുഴി രൂപപ്പെട്ടതിനാൽ ആയത് കോൺക്രീറ്റ് ചെയ്ത് റോഡിന്റെ ഷോൾഡർ പുനഃസ്ഥാപിക്കേണ്ടതാണ്.



18. ഇടമൺ 34 ജംഗ്ഷനിൽ സീബ്രാ ക്രോസിംഗ് മാഞ്ഞു പോയിട്ടുള്ളതിനാൽ ആയത് പുനസ്ഥാപിക്കുക. ഉദയഗിരിയിൽ നിന്നും ഇടമൺ ഭാഗത്തേക്ക് വരുന്ന റോഡിന് അഭിമുഖമായി GIVE WAY ബോർഡ് സ്ഥാപിക്കേണ്ടതാണ്.




19. തെന്മല നിന്നും പുനലൂരേയ്ക്ക് വരുമ്പോൾ , ഇടമൺ 34 ജംഗ്ഷനിലെ ബസ് സ്റ്റോപ്പ് നിലവിൽ വാഹനങ്ങൾ നിർത്തുന്ന സ്ഥലത്ത് നിന്നും 100 മീറ്റർ മുന്നോട്ടു മാറി മുസ്ലിം പള്ളിയുടെ മുന്നേയായി മാറ്റി സ്ഥാപിക്കേണ്ടതാണ്. ഇതോടൊപ്പം ആയിരനല്ലൂർ നിന്നും ഇടമണ്ണിലേക്ക് വരുന്ന റോഡിൽ ഗിവ് വേ, സ്റ്റോപ്പ് ട്രാഫിക് സൈൻ ബോർഡുകളും,റെഡ് ബ്ലിങ്കിങ് ലൈറ്റുകളും സ്ഥാപിക്കുക.



20. ഇടമൺ അണ്ടൂർപ്പച്ച വളവിൽ 15-ഓളം വീടുകൾ റോഡിനോട് ചേർന്ന് യാതൊരുവിധ സുരക്ഷാ സംവിധാനവും ഇല്ലാത്ത അവസ്ഥയിലാണ് സ്ഥിതിചെയ്യുന്നത്.



21. ഇടമൺ ഫ്യൂവൽ സ്റ്റേഷന്റെ അടുത്തായി റോഡിലെ കലങ്ങിൽ ഒബ്ജക്ട് ഹസാർഡ് മാർക്കിംഗ് സ്ഥാപിക്കേണ്ടതാണ്. ഇതോടൊപ്പം വാഹനങ്ങളുടെ വേഗത നിയന്ത്രിക്കുന്നതിനായി റമ്പിൾ സ്ട്രിപ്പം, സ്റ്റഡും, റെഡ് ബ്ലിങ്കിങ് ലൈറ്റും സ്ഥാപിക്കേണ്ടതുമാണ്.



22. ഉറുകുന്നു എം എൻ ജംഗ്ഷനിൽ സ്കൂൾ സ്ഥിതി ചെയ്യുന്നതിനാൽ പ്രസിദ്ധ ഭാഗത്ത് സീബ്ര ക്രോസിംഗും ട്രാഫിക് സൈൻ ബോർഡുകളും സ്ഥാപിക്കേണ്ടതാണ്.
23. ഉറുകു   ജംഗ്ഷനിൽ പോസ്റ്റ് ഓഫീസിന് എതിർവശത്തായി റോഡിൽ കെഎസ്ആർടിസി ബസുകൾ നിർത്തുന്നതിനാൽ ടി സ്ഥലത്ത് സ്ഥിരമായി വാഹനാപകടങ്ങൾ ഉണ്ടാകുന്നതാണ്. പ്രസ്തുത സ്ഥലത്ത് റോഡിന്റെ വീതി 6 മീറ്ററും വാഹനങ്ങൾ അമിതവേഗതിയിലും എത്തുന്നതിനാൽ റോഡിന്റെ ഷോൾഡർ കോൺക്രീറ്റ് ചെയ്യേണ്ടതും വാഹനങ്ങളുടെ വേഗത നിയന്ത്രിക്കുന്നതിനായി റംബിൾ സ്ട്രിപ്പം, സ്റ്റഡും, റെഡ് ബ്ലിങ്കിങ് ലൈറ്റും സ്ഥാപിക്കേണ്ടതാണ്. ഉറുകുന്ന് INDANE GAS ഏജൻസിയുടെ മുന്നേ ആയി റോഡിന്റെ വശത്ത് കുഴി രൂപപ്പെട്ടത് കോൺക്രീറ്റ് ചെയ്തു ഷോൾഡർ പുനസ്ഥാപിക്കേണ്ടതാണ്.





24. ഉറുകുന്ന് കനാൽ പാലത്തിന്റെ കൈവരി പൊളിഞ്ഞു കിടക്കുന്നത് പുനസ്ഥാപിക്കേണ്ടതും പാലത്തിന്റെ ഇരുവശവും ആയി ഒബ്ജക്ട് ഹസാർഡ് മാർക്കിംഗ് സ്ഥാപിക്കേണ്ടതുമാണ്.



25. ഉറുകുന്ന് നിന്നും തെന്മല ഭാഗത്തേക്ക് പോകുമ്പോൾ ഉറുകുന്ന് വ്യൂ പോയിന്റിന്റെ 200 മീറ്റർ മുന്നേയായി റോഡിൽ സ്ഥിതിചെയ്യുന്ന കലുങ്കിന്റെ കൈവരി സ്ഥാപിക്കേണ്ടതാണ്.







26. ഒറ്റയ്ക്കൽ ഗവൺമെന്റ് ഹൈസ്കൂളിന് മുന്നേയായി സീബ്ര ക്രോസിംഗും, ട്രാഫിക് സൈൻ ബോർഡുകളും സ്ഥാപിക്കുക.



27. പാലക്കര ശ്രീ സുബ്രഹ്മണ്യ ക്ഷേത്രത്തിന്റെ സമീപത്ത് ആയിട്ടുള്ള കലങ്ങിന്റെ കൈവരി സ്ഥാപിക്കുക, ഇതിനോടൊപ്പം സ്ഥിതിചെയ്യുന്ന ഓടയുടെ മൂടി സ്ഥാപിക്കുക.





28. പത്തേക്കർ  ജംഗ്ഷനിൽ നിന്നും പതിനാലാം മൈൽ വഴി തെന്മല ജംഗ്ഷനിലേക്ക് പോകുന്ന റോഡിൽ റിയ എസ്റ്റേറ്റിനു മുന്നിലെ വളവിലെ സൈൻബോർഡ് കാട് മൂടി കിടക്കുന്നത് വൃത്തിയാക്കുക.



29. ഇതോടൊപ്പം എസ് ആർ പാലസ് ഹോട്ടലിന്റെ 50 മീറ്റർ മുന്നേ ആയി റോഡിലേക്ക് നിൽക്കുന്ന മരം നീക്കം ചെയ്യുക.



30. തെന്മല തീയേറ്റർ ജംഗ്ഷനിൽ കടുവ കലങ്ങിന്റെ കൈവരി സ്ഥാപിക്കുകയും, ട്രാഫിക് സൈൻ ബോർഡുകളും, ഒബ്ജക്ട് ഹസാർഡ് മാർക്കിങ്ങുംസ്ഥാപിക്കുക.




31. തെന്മല തീയറ്റർ ജംഗ്ഷന്റെ ഭാഗത്തുള്ള വളവിൽ റോഡിൽ പാകിയിരിക്കുന്ന ഇന്റർലോക്ക് ഇളകി കിടക്കുന്നതിനാൽ ആയത് പുനസ്ഥാപിക്കേണ്ടതാണ്.



32. തെന്മല ജംഗ്ഷനിൽ നിന്നും പുനലൂർ ഭാഗത്തേയ്ക്ക് ഏകദേശം 100 മീറ്റർ ഭാഗത്തേയ്ക്ക് ക്രാഷ് ബാരിയർ ഇളകി കിടക്കുന്നത് പുനഃസ്ഥാപിക്കുക.



33. അനിമൽ ഹസ്ബന്ഡറി ചെക്ക് പോസ്റ്റിൽ നിന്നും ആര്യങ്കാവ് ഭാഗത്തേക്ക് പോകുമ്പോൾ റോഡിന്റെ വശത്തായി സ്ഥാപിച്ചിട്ടുള്ള ക്രാഷ് ബാരിയർ ഇളകി കിടക്കുന്നത് പുനസ്ഥാപിക്കുക.

34. 13 കണ്ണറപ്പാലം സ്ഥിതി ചെയ്യുന്നതിന് മുന്നേയുള്ള റെയിൽവേയുടെ തുരങ്കം ഉള്ള ഭാഗത്ത് നിന്നും ആര്യങ്കാവ് ഭാഗത്തേക്ക് ഏകദേശം രണ്ട് കിലോമീറ്റർ നീളത്തിൽ ഇളകി കിടക്കുന്ന ക്രാഷ് ബാരിയർ പുനസ്ഥാപിക്കേണ്ടതാണ്. 13 കണ്ണറ പാലത്തിന്റെ സമീപമായി റോഡിൽ പാകിയിട്ടുള്ള ഇന്റർലോക്ക് ഇളകി കിടക്കുകയും താഴ്ന്ന പോയിട്ടുള്ളതും കുഴി രൂപപ്പെട്ടിട്ടുള്ളതുമാണ് ആയത് മാറ്റിസ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കുക.13 കണ്ണറപ്പാലം സ്ഥിതി ചെയ്യുന്ന സ്ഥലത്ത് റോഡിന്റെ വീതി കുറവുള്ളതിനാൽ പലപ്പോഴും ഗതാഗത സ്തംഭനം ഉണ്ടാവുകയും വലിയ ട്രാഫിക് ബ്ലോക്ക് ഉണ്ടാകുന്നതിന് കാരണമാകുകയും ചെയ്യുന്നു ആയതിനാൽ റോഡിന്റെ വീതി കൂട്ടുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.







35. 13 കണ്ണറ പാലത്തിൽ നിന്നും ആര്യങ്കാവിലേക്ക് ഏകദേശം നൂറ് മീറ്റർ കഴിയുമ്പോൾ റോഡിന്റെ സംരക്ഷണഭിത്തിയിടിഞ്ഞ് താഴ്ന്ന് പോയിട്ടുള്ളതിനാൽ സംരക്ഷണഭിത്തി പുനസ്ഥാപിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രസ്തുത സ്ഥലത്ത് വളവിൽ റോഡിലേക്ക് തള്ളി നിൽക്കുന്ന പാറ നീക്കം ചെയ്യേണ്ടതാണ്. ഇതോടൊപ്പം വളവിനു മുന്നേ ആയി റെഡ് ബ്ലിങ്കിങ് ലൈറ്റ് സ്ഥാപിക്കേണ്ടതാണ്.




STOP AND
PROCEED





36. കഴുതുരുട്ടി പാലത്തിൽ ട്രാഫിക് സൈൻ ബോർഡുകളും, ഒബ്ജക്റ്റീവ് ഹസാർഡ് മാർക്കിങ്ങും സ്ഥാപിക്കേണ്ടതാണ്.



37. കഴുതുരുട്ടി ആനകുത്തിച്ചാടി കലങ്ങിൽ ട്രാഫിക് സൈൻ ബോർഡുകൾ സ്ഥാപിക്കുകയും, ഒബ്ജക്റ്റീവ് ഹസാർഡ് മാർക്കിംഗ് ശരിയായ രീതിയിൽ സ്ഥാപിക്കേണ്ടതുമാണ്. ഇതോടൊപ്പം കലങ്ങിന്റെ ഇരുവശത്തും സംരക്ഷണ ഭിത്തി നിർമ്മിക്കേണ്ടതാണ്



38. ഇടപാളയം ബാഗ്ദാദി ഹോട്ടലിന് എതിർവശത്തായി ക്രാഷ് –ബാരിയർ സ്ഥാപിക്കേണ്ടതാണ്. കഴുതുരുട്ടിയിൽ നിന്നും ആര്യങ്കാവിലേക്ക് പോകുമ്പോൾ ഇളകി കിടക്കുന്ന ക്രാഷ് –ബാരിയർ പുനർ നിർമ്മിക്കുക.

39. ഇടപ്പാളയം സുബ്രഹ്മണ്യസ്വാമി ക്ഷേത്രത്തിന് സമീപമായി സംരക്ഷണ ഭിത്തി നദിയിലോട്ട് ഇടിഞ്ഞു വീണതിനാൽ ആയത് പുനസ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക



40. ഇടപ്പാളയം മുസ്ലിം പള്ളിക്കും ശാഖാ മന്ദിരത്തിനും സമീപത്തായി റോഡ് സൈഡിൽ ക്രാഷ് ബാരിയർ സ്ഥാപിക്കുക.

41. ഇടപ്പാളയം റെയിൽവേ സ്റ്റേഷൻ ജംഗ്ഷനിൽ സ്ഥിതിചെയ്യുന്ന കലുങ്കിൽ ഒബ്ജക്ട് ഹസാർഡ് മാർക്കിങ് സ്ഥാപിക്കുക.



42. ആര്യങ്കാവ് റെയിൽവേ സ്റ്റേഷൻ ജംഗ്ഷനിൽ  തെന്മല ഭാഗത്തേക്ക് റോഡിന്റെ വശത്തായി സംരക്ഷണഭിത്തി നിർമ്മിക്കുകയും, ഡബിൾ ലൈൻ ക്രാഷ് ബാരിയർ ശരിയായ രീതിയിൽ സ്ഥാപിക്കേണ്ടതുമാണ്. ഇതോടൊപ്പം ഇവിടെ റെഡ് ബ്ലിങ്കിംഗ് ലൈറ്റുകൾ സ്ഥാപിക്കേണ്ടതുമാണ്.







43. തമിഴ്നാട്ടിൽ നിന്നും കേരളത്തിലേക്ക് ലോഡുമായി വരുന്ന ഗുഡ്സ് വാഹനങ്ങൾ തെന്മല റെയിൽവേ സ്റ്റേഷൻ ജംഗ്ഷനിൽ നിന്നും വലത്തേക്ക് തിരിഞ്ഞ് പത്തേക്കർ ഭാഗത്ത് കൂടി തെന്മല ഡാം വഴി കുളത്തൂപ്പുഴയിലേക്കും, പുനലൂർ ഭാഗത്തേക്ക് പോകേണ്ട വാഹനങ്ങൾ ഇതേ റോഡിലൂടെ തന്നെ പുനലൂരേക്കും ഗതാഗതം വഴി തിരിച്ച് വിട്ടാൽ രണ്ട് ഹെയർ പിൻ വളവുകളോടുകൂടിയ തെന്മല – കുളത്തൂപ്പുഴ റോഡിലെ സ്ഥിരമായി ഉണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കാൻ സാധിക്കുന്നതാണ്. ഇതിനായി തെന്മല ജംഗ്ഷനിൽ നിന്നും ഡാമിലേക്കുള്ള റോഡിൽ ലോഡുമായി വരുന്ന വാഹനങ്ങളുടെ ഗതാഗതം നിയന്ത്രിച്ചിരിക്കുന്നു എന്ന് വ്യക്തമാക്കുന്ന ബോർഡ് സ്ഥാപിക്കേണ്ടതുമാണ്. ഇതോടൊപ്പം വാഹനങ്ങളുടെ വേഗത കുറയ്ക്കുന്നതിനായി റെഡ് ബ്ലിങ്കർ ലൈറ്റ് സ്ഥാപിക്കേണ്ടതാണ്.





44. തെന്മല കുളത്തൂപ്പുഴ ഡാം റോഡിന്റെ രണ്ടാം ഹെയർ പിൻ വളവിൽ നിലവിൽ സ്ഥിതി ചെയ്യുന്ന സംരക്ഷണഭിത്തിയോട് ചേർന്ന് ഇരുവശത്തേക്കും ഡബിൾ ലൈൻ W BEAM ക്രാഷ് ബാരിയർ സ്ഥാപിക്കുകയും ആയതിൽ ഡബിൾ സൈഡ് റിഫ്ളക്ടർ നൽകുകയും ചെയ്യുക..ഇതോടൊപ്പം ഹെയർ പിൻ വളവിന് സൂചനയായി ട്രാഫിക് സൈൻ ബോർഡ് ഇരുവശത്തുമായി സ്ഥാപിക്കുക.





45. തെന്മല ഒന്നാം ഹെയർ പിൻ വളവിൽ ആക്സിഡന്റ് മൂലം ഇടിഞ്ഞുവീണ കോൺക്രീറ്റ് സംരക്ഷണഭിത്തി പുനസ്ഥാപിക്കുകയും വളവിന്റെ ഇരുവശത്തുമായി റെഡ് ബ്ലിങ്കിങ് ലൈറ്റ് സ്ഥാപിക്കുകയും, വാഹനങ്ങളുടെ വേഗത നിയന്ത്രിക്കുന്നതിന് റമ്പിൾ സ്ട്രിപ്പും സ്റ്റഡും സ്ഥാപിക്കുകയും ചെയ്യുക. ഇതോടൊപ്പം സംരക്ഷണ ഭിത്തിയുടെ ബാക്കിയുള്ള ഭാഗത്ത് ഇരുവശത്തേക്കും ഡബിൾ ലൈൻ W BEAM ക്രാഷ് ബാരിയർ സ്ഥാപിക്കുക. ഇതോടൊപ്പം ഹെയർ പിൻ വളവിന് സൂചനയായി ട്രാഫിക് സൈൻ ബോർഡ് ഇരുവശത്തുമായി സ്ഥാപിക്കുക.





46. തെന്മല ഡാം ജംഗ്ഷനിൽ ഉള്ള ദിശ സൂചിക ബോർഡുകളും ഇക്കോ ടൂറിസത്തിന്റെ ബോർഡുകളും റോഡ് ഉപഭോക്താക്കളുടെ കാഴ്ച മറക്കുന്നതിനാൽ ആയത് അവിടെനിന്നും മാറ്റി സ്ഥാപിക്കേണ്ടതാണ്.ഇതോടൊപ്പം തെന്മല പോലീസ് സ്റ്റേഷനിൽ നിന്നും ഡാം ജംഗ്ഷനിലേക്ക് എത്തുന്നതിനു മുന്നേയായും, പത്തേക്കർ – ഡാം റോഡിലും rumble സ്ട്രിപ്പും, സ്റ്റഡും, റെഡ് ബ്ലിങ്കിങ് ലൈറ്റും സ്ഥാപിക്കേണ്ടതാണ്. ഡാം ജംഗ്ഷനിൽ വെളിച്ചത്തിന്റെ കുറവ് പരിഹരിക്കുന്നതിനായി നിലവിൽ റോഡിന്റെ മധ്യഭാഗത്തായി സ്ഥാപിച്ചിരുന്ന ഹൈമാസ്റ്റ് ലൈറ്റ് ആക്സിഡന്റ് മൂലം നഷ്ടപ്പെട്ട നിലയിലും ഹൈമാസ്റ്റ് ലൈറ്റിന്റെ അവശിഷ്ടം റോഡിന്റെ മധ്യഭാഗത്തുമായി കാണപ്പെടുന്നു. ഇത് പൂർണമായി നീക്കുകയും ഹൈമാസ് ലൈറ്റ് റോഡിന്റെ ഉചിതമായ സ്ഥലത്ത് പുനസ്ഥാപിക്കുകയും ചെയ്യുക. നിലവിലെ ഡാം ജംഗ്ഷനിൽ റോഡിൻറെ നടുവിലായി സ്ഥാപിച്ചിരിക്കുന്ന ഐലൻഡ് തിരുവനന്തപുരത്തു നിന്നും തെന്മലയിലേക്കും , തെന്മല നിന്നും കുളത്തുപുഴയിലേക്കും വരുന്ന വാഹനങ്ങളുടെ സുഗമമായ സഞ്ചാരത്തിന് തടസ്സം നിൽക്കുന്നതിനാലും, ആയതിൻമേൽ വാഹനമിടിച്ച് അപകടമു ണ്ടായതിനാലും ഇവിടെ നിന്നും പൂർണ്ണമായും പ്രസ്തുത ഐലൻഡ് മാറ്റേണ്ടതും വ്യക്തമായ റോഡ് മാർക്കിംഗ്സ് പുനസ്ഥാപിക്കേണ്ടതുമാണ്.









47. തെന്മല ഡാം പത്തേക്കർ റോഡിൽ സ്ഥിതിചെയ്യുന്ന കലങ്ങിൽ ഒബ്ജക്റ്റീവ് ഹസാർഡ് മാർക്കിങ് സ്ഥാപിക്കേണ്ടതാണ്.




48. പത്തേക്കർ –തെന്മല ഡാം റോഡിന്റെ തുടക്കഭാഗത്തായി ഇക്കോ ടൂറിസം ഓഫീസിന്റെ സമീപത്തായി വാഹനങ്ങളുടെ വേഗത കുറയ്ക്കുന്നതിനായി റെഡ് ബ്ലിങ്കിങ് ലൈറ്റും റോഡ് മാർകിങ്സും സ്ഥാപിക്കേണ്ടതാണ്.